പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1124 — 05.03.2018-ൽ മറുപടിക്ക്

റവന്യൂ രേഖകളിൽ നിലമായി രേഖപ്പെടുത്തപ്പെട്ട ഭൂമി

ചോദ്യം

ശ്രീ.ആന്റണി ജോൺ

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) കാലങ്ങളായി പുരയിട ഭൂമിയായി കിടക്കുന്നതും എന്നാൽ റവന്യൂ രേഖകളിൽ നിലമായി രേഖപ്പെടുത്തപ്പെട്ടതുമായ ഭൂമികളിൽ വീട് വെക്കുന്നതിനും വ്യാപാര സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനുമായുള്ള അപേക്ഷകൾ കാലങ്ങളായി തീരുമാനം ഇല്ലാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ വിവിധ റവന്യൂ ഡിവിഷനുകളിൽ അവശേഷിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(എ) യും (ബി) യും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ റവന്യൂ ഡിവിഷനുകളിൽ അവശേഷിക്കുന്ന അപേക്ഷയുടെ റവന്യൂ ഡിവിഷൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| റവന്യൂ ഡിവിഷൻ | എണ്ണം |
|---|---|
| തിരുവനന്തപുരം | 297 |
| കൊല്ലം | ഇല്ല |
| തിരുവല്ല | 75 |
| അടൂർ | 3 |
| ചെങ്ങന്നൂർ | 169 |
| ആലപ്പുഴ | 232 |
| കോട്ടയം | 258 |
| പാല | 35 |
| ദേവികുളം | 6 |
| ഇടുക്കി | 106 |
| മൂവാറ്റുപുഴ | 629 |
| ഫോർട്ട് കൊച്ചി | 1480 |
| തൃശ്ശൂർ | 4221 |
| പാലക്കാട് | 224 |
| ഒറ്റപ്പാലം | 106 |
| പെരിന്തൽമണ്ണ | 814 |
| തിരൂർ | 862 |
| കോഴിക്കോട് | 682 |
| മാനന്തവാടി | 270 |
| തലശ്ശേരി | 485 |
| കാസറഗോഡ് | 732 |

(സി) 2008 - നം അതിനു മുമ്പുള്ള വർഷങ്ങളിലും നികത്തപ്പെട്ട, പുരയിടമായി ഉപയോഗിച്ച് വരുന്ന ഭൂമികളിൽ, കെട്ടിട നിർമ്മാണം നടത്തുന്നതിന് പുതിയതായി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിലാകുന്നതിന് മുമ്പ് നികത്തപ്പെട്ടതും റവന്യൂ രേഖകളിൽ "നിലം" ആയി ഇപ്പോഴും രേഖപ്പെടുത്തപ്പെട്ടതുമായ ഭൂമികളിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് പ്രത്യേകാനുമതി നൽകേണ്ടതുണ്ടോ ;

(സി) യും (ഡി) യും കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിലാകുന്നതിന് മുമ്പ് നികത്തപ്പെട്ടതും ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതും റവന്യൂ രേഖകളിൽ "നിലം" ആയി രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നത് സംബന്ധിച്ച ഭേദഗതി കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം (ഭേദഗതി) ഓർഡിനൻസ് 2017 പ്രകാരം വരുത്തിയിട്ടുണ്ട്. അതിൻപ്രകാരം പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 120 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 40 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിലുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതുമാകുന്നു. എന്നാൽ ആയതിൽ കൂടുതലുള്ളവയ്ക്ക് ആർ.ഡി.ഒ യുടെ അനുമതി ആവശ്യമുണ്ട്.

(ഇ) കോതമംഗലം താലൂക്കിൽ 1930 കളിലാണ് സർവ്വേ നടപടികൾ നടന്നത് എന്നിരിക്കെ അതിനു ശേഷം 2008 വരെയുള്ള കാലയളവിൽ നികത്തപ്പെട്ട് കര ഭൂമിയായി ഉപയോഗിക്കുന്ന വസ്തു വകകളിൽ വീടും കച്ചവട സ്ഥാപനവും നിർമ്മിക്കുന്നതിന്, റവന്യൂ രേഖകളിൽ "നിലം" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിന്റെ പേരിൽ തടസ്സങ്ങളുണ്ടായിട്ടുള്ളത് കാരണം സാധാരണക്കാരായ നിരവധി പേർക്ക് വീട് നിർമ്മിക്കാൻ കഴിയാത്തതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകളിൽ വീട്/കെട്ടിട നിർമ്മാണ ആവശ്യത്തിന് കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം 1967 പ്രകാരം അനുമതി നൽകി വന്നിരുന്നു.

(എഫ്) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ആവശ്യമായ നടപടി സ്വീകരിക്കുമോ ?

(എഫ്) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി 2008-ന് മുമ്പ് നികത്തപ്പെട്ടതും എന്നാൽ റവന്യൂ രേഖകളിൽ നിലം എന്നു രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ ഗാർഹിക / വാണിജ്യ /മറ്റിതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ട് സർക്കാർ 30.12.2017-ൽ 2017-ലെ 41-ാം നമ്പർ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**